"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 30.7.2020 തീയ്യതിയിൽ നടത്തിയ മിന്നൽ പരിശോധന - കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രദീപ് കുമാർ.പി, ശ്രീമതി രാധ.എം, പാർട്ട് ടൈം സ്വീപ്പർ എന്നിവർക്കെതിരെ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.9/2024/VIG — തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.03.2021 തീയതിയിലെ ഇ17(എസ്.സി.20/20/കെ.എൻ.ആർ) 9109/2020 നമ്പർ കത്ത്.
2. 21.01.2023 തീയതിയിലെ എ3/75/2021/വിജി നമ്പർ കുറ്റാരോപണ മെമ്മോ.
3 15.02.2023-ലെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നല്കിയ എ3/75/2021/വിജി നം.കത്ത്
4 ശ്രീമതി രാധ.എം സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക.
5 ശ്രീ.പ്രദീപ് കുമാർ.പി യുടെ 08.07.2023 തീയതിയിലെ പ്രതിവാദ പത്രിക.
6. 22.06.2023, 11.10.2023 എന്നീ തീയതികളിലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ജി4/26/2023-റ്റിസി നം.കത്തുകൾ

**ഉത്തരവ്**

കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജൂനിയർ സൂപ്രണ്ടും, മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് അഴിമതിയും ക്രമക്കേടുകളും നടത്തുന്നുവെന്ന ആരോപണം സംബന്ധിച്ച് 30.07.2020-ാം തീയ്യതി കണ്ണൂർ സിവിൽ സ്റ്റേഷൻ അനക്സ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന മോട്ടോർവാഹന വകുപ്പിന്റെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ് മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രദീപ് കുമാർ.പി, എന്നവരുടെ പക്കൽ നിന്നും ഉദ്യോഗസ്ഥരുടെ സ്വകാര്യ പണം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതലായി 6610/-രൂപ കണക്കിൽപ്പെടാത്തതായി കണ്ടെടുക്കുകയും, ടിയാന്റെ ടേബിളിലും അലമാരയിലും സ്വകാര്യ ബാഗിലുമായി നടപടികൾ സ്വീകരിക്കാത്ത നിലയിലും നിയമവിധേയമല്ലാത്ത തരത്തിലുമായി ധാരാളം ഫയലുകൾ സ്വകാര്യമായി സൂക്ഷിക്കുന്നതായും, മിക്ക ഫയലുകൾ പരിശോധിച്ചതിലും ജൂനിയർ സൂപ്രണ്ടിന്റെ കൈവശം ഫയലുകൾ എത്തിയിട്ട് രണ്ട് മാസത്തിലേറെയായിട്ടും ഒരു നടപടിയും സ്വീകരിക്കാതെ കെട്ടി വച്ചതായും കാണപ്പെടുകയും ചെയ്തിരുന്നു. പാർട്ട് ടൈം സ്വീപ്പറായ രാധ എന്നവരുടെ കൈവശം ഗംഗാധരൻ എന്നവരുടെ പേരിലുള്ള KL 59-E 566 എന്ന ടിപ്പർ വാഹനത്തിന്റെ ആർ.സി, മുസ്തഫ.കെ എന്നവരുടെ പേരിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷയോടൊപ്പം പിൻ ചെയ്ത നിലയിൽ 1700/-രൂപയുടെ കറൻസി നോട്ടുകൾ എന്നിവ കാണപ്പെടുകയും, ടിയാരിയുടെ കൈവശം ഉദ്യോഗസ്ഥരുടെ സ്വകാര്യ പണം

രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതലായി 35030/-രൂപ കണക്കിൽപ്പെടാത്ത പണം കണ്ടെടുക്കുകയും, ടിയാരി തന്റെ ജോലി സമയം കഴിഞ്ഞിട്ടും ഓഫീസ് പൂട്ടുന്ന സമയംവരെ ഓഫീസിൽ തുടരുന്നത് ഓഫീസിനുള്ളിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പുറത്തുനിന്നുള്ള ഏജന്റുമാർക്ക് ഓഫീസിനകത്തേക്കും പുറത്തേക്കും രേഖകളും മറ്റും എത്തിക്കുന്നതിനും ഏജന്റുമാർ മുഖേന നൽകുന്ന കൈക്കൂലി പണം ഓഫീസിനുള്ളിലെ വിവിധ ആളുകൾക്ക് എത്തിച്ചുകൊടുക്കുന്നതിനു വേണ്ടിയാണെന്ന് ബോദ്ധ്യപ്പെടുകയും, ടിയാരിയുടെ ഷോപ്പർ ബാഗിൽ ഒരു കവറിൽ ഒളിപ്പിച്ചുവെച്ച നിലയിൽ 480/-രൂപ വിലവരുന്ന പോസ്റ്റൽ സ്റ്റാമ്പുകളും മിന്നൽ പരിശോധനയിൽ കണ്ടെടുക്കുകയുമുണ്ടായി. ഇത് ഓഫീസിൽ വിവിധ സേവനങ്ങൾക്കായി പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ സേവനങ്ങൾ തപാൽ മാർഗ്ഗം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സെൽഫ് അഡ്രസ്സ്ഡ് എൻവലപ്പിൽ നിന്നും ശേഖരിച്ചുവെച്ചതും പുറത്തുകൊണ്ടുപോയി വിൽപന നടത്തുന്നതിനായും ഓഫീസ് രേഖകളിൽ നിന്നും ശേഖരിച്ചുവെച്ചതാണെന്നും മിന്നൽ പരിശോധനയിൽ വെളിവായിരുന്നു.

**3.** ആരോപണ വിധേയരായ ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരായിരുന്നു.

1. ശ്രീ.പ്രദീപ് കുമാർ.പി, ജൂനിയർ സൂപ്രണ്ട്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.
2. ശ്രീമതി രാധ.എം, പാർട്ട് ടൈം സ്വീപ്പർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.
3. ശ്രീമതി സജിത ജെ.ലാൽ, ജൂനിയർ സൂപ്രണ്ട്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.
4. ശ്രീ.ബാബുരാജൻ.സി.പി, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.
5. ശ്രീ.സന്തോഷ്.സി, സീനിയർ ക്ലാർക്ക്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.
6. ശ്രീമതി.ഷീബ.പി, ക്ലർക്ക്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.
7. ശ്രീമതി.ദിവ്യശ്രീ. പി.ജി, ക്ലർക്ക്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.
8. ശ്രീ.ഇ.എസ് ഉണ്ണികൃഷ്ണൻ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ.

**4.** ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രദീപ് കുമാർ, പാർട്ട് ടൈം സ്വീപ്പർ ശ്രീമതി.രാധ എന്നിവർക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിനും, മറ്റുള്ളവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പരാമർശം(1) റിപ്പോർട്ട് പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ചതിൻ പ്രകാരം ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രദീപ് കുമാർ, പാർട്ട് ടൈം സ്വീപ്പർ ശ്രീമതി.രാധ എന്നിവർക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. അതനുസരിച്ച് ചുവടെ ചേർക്കുന്ന കുറ്റങ്ങൾ ചുമത്തി കുറ്റാരോപിതർക്ക് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

<u>5. ശ്രീ പ്രദീപ് കുമാറിനെതിരെയുള്ള കുറ്റങ്ങൾ</u>

"താങ്കൾ സംസ്ഥാന മോട്ടോർവാഹന വകുപ്പിന്റെ കീഴിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്തു വരവേ ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധ സേവനങ്ങൾക്ക് ഏജന്റുമാർ മുഖേനയും മറ്റും കൈക്കൂലിയായി പണം കൈപ്പറ്റുന്നതായും അത്തരത്തിൽ കൈപ്പറ്റിയ കണക്കിൽ പെടാത്ത 6610/-രൂപ 30/7/2020 തീയ്യതി താങ്കളുടെ കൈവശത്തിൽ നിന്നും

കണ്ടെടുത്തിട്ടുള്ളതും കൂടാതെ സേവനങ്ങൾക്ക് ഏജന്റുമാർ വഴിയല്ലാതെ നേരിട്ടെത്തുന്നവർക്ക് സേവനങ്ങൾ നൽകാതെ ബുദ്ധിമുട്ടിക്കുന്നതായും ഇത്തരത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ 2 മാസങ്ങളിലേറെക്കാലം നടപടിയെടുക്കാത്ത ഫയലുകൾ താങ്കളുടെ മേശപ്പുറത്ത് കണ്ടെത്തിയെന്നും കൂടാതെ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ രാധ എന്നവർ മുഖേന ഏജൻറുമാരിൽ നിന്നും മറ്റും കൈക്കൂലിപ്പണം കൈപ്പറ്റാറുണ്ടെന്നും വെളിവായിട്ടുണ്ട്. താങ്കൾ തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കൃത്യനിർവ്വഹണത്തിൽ കുറ്റകരമായ വീഴ്ച വരുത്തിയതായി കാണപ്പെടുന്നു".

6. ശ്രീമതി.രാധയ്ക്കെതിരെയുള്ള കുറ്റങ്ങൾ

"താങ്കൾ സംസ്ഥാന മോട്ടോർവാഹന വകുപ്പിന്റെ കീഴിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തു വരവേ താങ്കളുടെ ജോലി സമയം കഴിഞ്ഞിട്ടും ഓഫീസിൽ തുടർന്ന് ഓഫീസിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഏജൻറുമാരുമായി ബന്ധപ്പെട്ട് പരസ്പരം രേഖകൾ കൈമാറുന്നതിനും ആയതിനുള്ള കൈക്കൂലിപ്പണം ഏജൻറുമാരിൽ നിന്നും കൈപ്പറ്റി ഓഫീസിലെ ജീവനക്കാരായ താങ്കൾ ഉൾപ്പെടെയുള്ള മറ്റുള്ളവർക്ക് പങ്ക് വെക്കുന്നതിന് സഹായിക്കുന്നതായും ഇത്തരത്തിലുള്ള കണക്കിൽപെടാത്ത കൈക്കൂലിയായി കൈപ്പറ്റിയ തുകയായ 35.030/-രൂപ താങ്കളിൽ നിന്നും കണ്ടെടുത്തതായും വെളിവായിട്ടുണ്ട്. കൂടാതെ ഓഫീസിൽ വിവിധ സേവനങ്ങൾക്കായി പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ സേവനങ്ങൾ തപാൽമാർഗ്ഗം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സെൽഫ് അഡ്രസ്സ്ഡ് എൻവലപ്പിൽ നിന്നും സ്റ്റാമ്പുകൾ താങ്കൾ മോഷ്ടിച്ച് ശേഖരിച്ച് വെക്കുന്നതായും വെളിവാകുക വഴി താങ്കൾ തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കൃത്യനിർവഹണത്തിൽ കുറ്റകരമായ വീഴ്ച വരുത്തിയതായി കാണപ്പെടുന്നു".

7. എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് പരാമർശം (4), (5) എന്നിവ പ്രകാരം കുറ്റാരോപിതർ പ്രതിവാദ പത്രികകൾ പരാമർശം 6 പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ അഭിപ്രായമൊന്നും രേഖപ്പെടുത്തിയിരുന്നില്ല. തന്റെ ഭാഗം വ്യക്തമാക്കുന്നതിനു നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന ജൂനിയർ സൂപ്രണ്ടായ ശ്രീ.പ്രദീപ് കുമാർ.പി യുടെ അപേക്ഷ പരിഗണിച്ച് 21.11.2023-ന വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. ശ്രീമതി.രാധ ഹിയറിംഗ് ആവശ്യപ്പെട്ടിരുന്നില്ല. നേർക്കാഴ്ച്ച വേളയിലും, പ്രതിവാദപത്രികയിൽ സൂചിപ്പിച്ച കാര്യങ്ങൾ കുറ്റാരോപിതൻ ആവർത്തിച്ചു. കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള ആരോപണങ്ങളെല്ലാം കെട്ടിച്ചമച്ചവയും ഓഫീസിലെ പരിതസ്ഥിതി എന്നിവ മനസ്സിലാക്കാതെയും ആരുടെയൊക്കെയോ പ്രേരണകൾക്ക് വശംവദരായും ഉണ്ടാക്കിയവയാണെന്നും ടിയാനിൽ നിന്നും കണ്ടെടുത്ത 6610/- രൂപ കാൻസർ രോഗിയായിരുന്ന ശ്രീ. കെ.പി. ഷാജി എന്നവർക്കുവേണ്ടി ഓഫീസിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നായി കളക്ഷനെടുത്ത രൂപയാണെന്നും, കഴിഞ്ഞ 23 വർഷമായി ഡിപ്പോർട്ടുമെൻറിൽ സേവനമനുഷ്ഠിച്ചു വരുന്ന താൻ നാളിതുവരെ തികഞ്ഞ ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും കൃത്യനിഷ്ഠയോടെയും കൂടി ചുമതലകൾ നിർവ്വഹിച്ചു വരുന്നുവെന്നും ആയതിനാൽ ജോലിയിൽ നിന്ന് വിരമിക്കാൻ ഇനി ഒരു വർഷം മാത്രം ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ, അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.പ്രദീപ് കുമാർ.പി അഭ്യർത്ഥിക്കുകയുണ്ടായി.

8. സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാളുകൾക്ക് സാധിച്ചിട്ടില്ലാത്തതിനാലും, കുറ്റാരോപിതരുടെ വാദങ്ങൾ പ്രഥമദൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.പ്രദീപ് കുമാർ.പി, ശ്രീമതി രാധ.എം, പാർട്ട് ടൈം സ്വീപ്പർ എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

9. പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/ അഡീഷണൽ ലീഗൽ അഡ്വൈസർ -നെ ചുമതലപ്പെടുത്തുന്നു.

10. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/ അഡീഷണൽ ലീഗൽ അഡ്വൈസർ- ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ റ്റി
അഡിഷണൽ സെക്രട്ടറി

–

വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്).
ശ്രീ.പ്രദീപ് കുമാർ.പി, സീനിയർ സൂപ്രണ്ട്, ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ്, 3-ാം നില, സിവിൽ സ്റ്റേഷൻ, കോഴിക്കോട്. (ഗതാഗത കമ്മീഷണർ മുഖാന്തിരം).
ശ്രീമതി രാധ.എം, പാർട്ട് ടൈം സ്വീപ്പർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ. (ഗതാഗത കമ്മീഷണർ മുഖാന്തിരം).
ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഗതാഗത വകുപ്പ്.
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

സ.ഉ.(സാധാ) നം.9/2024/VIG

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anjana M R
Date: 24-01-2024 13:05:05
സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.